**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2199** **11-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | രാജ്യത്തിന് തന്നെ മാതൃകയാവുന്ന വിധത്തിൽ നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോവുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തുകൂടി ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടികൾ ഉണ്ടാവണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണവകുപ്പിന്റെ 5 മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തി. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് . 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഇവ നിർമ്മിക്കുക. റേഷൻ കടകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | നിലവിൽ നൽകി വരുന്ന റേഷൻ സാധനങ്ങൾക്ക് പുറമേ ചില പലവ്യഞ്ജനസാധനങ്ങളും റേഷൻ കടകളിലൂടെ വിതരണം ചെയ്യാനും സർക്കാർ ആലോചിക്കുന്നു. |
| (ബി) | കമ്പോളത്തിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | 1. ഇ-ടെണ്ടർ/ഇ-ഓക്ഷൻ എന്നീ രീതികൾ മുഖേന വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും കൂടുതൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2. കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യ സാധനങ്ങൾ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നു. കൂടാതെ, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നു. സവാളയുടെ വില വർദ്ധിച്ച അവസരത്തിൽ നാഫെഡ് മുഖേനയും കേന്ദ്രീയഭണ്ഡാരത്തിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിൽ എത്തിച്ചിരുന്നു. 3. പൊതു വിപണിയിലേതിനെക്കാൾ 20 മുതൽ 50% വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നു. 2016 ഏപ്രിൽ മാസത്തിനുശേഷം സബ്സിഡി വില്പന വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 39 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 % വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപൊടി, ഉപ്പ്, ആട്ട എന്നീ ഉല്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30% വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉല്പന്നങ്ങളും MRP യേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. 4. സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് 2018 ഓഗസ്റ്റ് മാസം മുതൽ, റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുവാൻ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചതിലൂടെ സബ്സിഡി ദുരുപയോഗം പൂർണ്ണമായും തടയുന്നതിന് സാധിച്ചു. 5. 2016 മെയ് മാസത്തിൽ 1528 വില്പനശാലകൾ ഉണ്ടായിരുന്നത് ഇന്ന് 1617 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിനുപുറമെ, നിലവിലുള്ളവ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹൃദങ്ങളാക്കുന്നതിനും നടപടിയെടുത്തു. 6. സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ ശബരി ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരി ബ്രാന്റിലുള്ള തേയില മെച്ചപ്പെട്ട രുചിയോടെ ബ്ലെൻഡ് ചെയ്ത് വിപണിയിലെത്തിക്കുവാനും മികച്ച പരസ്യങ്ങൾ നൽകി മാർക്കറ്റ് ചെയ്യുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസം മുതൽ ശബരി ബ്രാന്റിലുള്ള കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് സപ്ലൈകോയ്ക്ക് നൽകുവാനായി റെയ്ഡ്കോയ്ക്ക് കരാർ നൽകിയതിലൂടെ ഇവയുടെ ലഭ്യതയും ഗുണമേന്മയും മെച്ചപ്പെടുത്തുവാൻ സാധിച്ചു. ശബരി ഉല്പന്നങ്ങളുടെ വിപണനത്തിന് താല്പര്യം പ്രകടിപ്പിക്കുന്ന റേഷൻ വ്യാപാരികൾക്ക് നിശ്ചിത മാർജിൻ പങ്കുവച്ച് ശബരി ഉല്പന്നങ്ങളുടെ വിതരണക്കാരാകാനുള്ള പദ്ധതി ആരംഭിച്ചു. 7. ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നൽകുന്ന ഓർഡറുകൾ സ്വീകരിച്ച് സാധനങ്ങൾ ഉപഭോക്താക്കൾക്ക് വീട്ടുപടിക്കൽ എത്തിച്ചു നൽകുന്ന സംവിധാനം സപ്ലൈകോയും വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ വഴിയും കുടുംബശ്രീയുമായും സഹകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഉല്പന്നങ്ങളും വിതരണം നടത്തി വരുന്നു. |
| (സി) | ഇതിനായി മുൻ സർക്കാരും നിലവിലെ സർക്കാരും നൽകിയിട്ടുള്ള (2016-17 മുതൽ 2020-21 വരെ) സാമ്പത്തിക സഹായം സംബന്ധിച്ചുള്ള വിവരം വ്യക്തമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ക്രമ നം. സാമ്പത്തിക വർഷം സർക്കാർ അനുവദിച്ച തുക (കോടിയിൽ) വിപണി ഇടപെടൽ സൗജന്യ ഭക്ഷ്യകിറ്റ് ആകെ 1 2016-17 200 - 200 2 2017-18 200 - 200 3 2018-19 125 - 125 4 2019-20 50 - 50 5 2020-21 - 4238.29 4238.29 6 2021-22 - 1300.19 1300.19 ആകെ 575 5538.48 6113.48 |

സെക്ഷൻ ഓഫീസർ